## ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം, കോട്ടയം

വിഷയം: ജില്ലാ നഗരാസൂത്രകയുടെ കാര്യാലയം, കോട്ടയം-ഏറ്റുമാനൂർ നഗരസഭ-എഡ്യൂക്കേഷൻ ബിൽഡിംഗ്, ഹോസ്റ്റൽ, കാന്റീൻ കെട്ടിട നിർമ്മാണം-ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം: 1. ഡയറക്ടർ, കാരിത്താസ് കോളേജ് ഓഫ് ഫാർമസി 01.04.2019 ൽ നേരിട്ട് സമർപ്പിച്ച അപേക്ഷ.

2. ഏറ്റുമാനൂർ നഗരസഭാ സെക്രട്ടറിയുടെ 14.03.2019 ലെ E2/2921/19 നമ്പർ കത്ത്.

================================================================

**ഉത്തരവ് നമ്പർ C/600/2019/D.Dis, തീയതി : 04.04.2019.**

================================================================

കോട്ടയം ജില്ലയിലെ, ഏറ്റുമാനൂർ നഗരസഭാ പരിധിയിലുള്ള പേരൂർ വില്ലേജിൽ, റീ സർവ്വെ നമ്പർ 116/1, 116/1-1 ൽ പെട്ട 19300 ച.മീറ്റർ വിസ്തീർണ്ണമുള്ള സ്ഥലത്ത്നിലവിൽ പെർമിറ്റ് ലഭിച്ച 1556.09 ച.മീറ്റർ കെട്ടിടത്തോട് ചേർന്ന് 12741.05 ച.മീറ്റർ വിസ്തീർണ്ണമുള്ള ഹോസ്റ്റൽ, കാന്റീൻ വിദ്യാഭ്യാസ സ്ഥാപനവും 14334.11 ച.മീറ്റർ വിസ്തീർണ്ണമുള്ള വിദ്യാഭ്യാസ ഹോസ്റ്റൽ, കാന്റീൻ എന്നീ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് KPBR-2011 ലെ ചട്ടങ്ങൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സ്ഥലത്തിന്റെ ഉപയോഗ ത്തിനും കെട്ടിടങ്ങളുടെ ലേ-ഔട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

താഴെ പറയുന്ന നിബന്ധനകൾ കൃത്യമായും പാലിച്ചിട്ടുണ്ടെന്നും, ലഭ്യമാക്കേണ്ട എൻ.ഒ.സി, അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തിയ ശേഷം മാത്രമെ കെട്ടിട നിർമ്മാണാനുമതി സർട്ടിഫിക്കറ്റ് നൽകുവാൻ പാടുള്ളു.

**നിബന്ധനകൾ**

1. KMBR-2011ചട്ടം 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീ സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ, ഉടമസ്ഥാ വകാശം, നിർമ്മാണാവകാശം എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥല പരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. ഫയർഫോഴ്സ് വകുപ്പിൽ നിന്നുള്ള എൻ.ഒ.സി ലഭ്യമാക്കിയിരിക്കണം.
3. KMBR-53 (3), 54 (4a) അദ്ധ്യായം XVII പ്രകാരമുള്ള സേഫ്റ്റി പ്രെവിഷനുകൾ പാലിച്ചിരിക്കേണ്ടതാണ്.
4. ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പടുത്തിയിട്ടു ണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.
5. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേതാണ്.
6. KMBR-99 ചട്ടം 53(4), 54(5) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷാ സംവിധാനം ഉറപ്പു വരുത്തണം.
7. ചട്ടം 57(15) പ്രകാരം മലിനജലം പുനരുപയോഗിക്കുന്നതിന് ആവശ്യമായ സംവിധാനം ഉറപ്പു വരുത്തണം.

8. പാർക്കിംഗ് ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്നും വാഹനങ്ങൾ സുഗമമായി തിരിയുന്നതിനുള്ള സൗകര്യത്തോടു കൂടിയതുമാണ് എന്നും അവ ഭാവിയിൽ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല എന്നും സെക്രട്ടറി ഉറപ്പാക്കണം.

9. ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയുള്ള സൗകര്യങ്ങൾ ചട്ടപ്രകാരം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തണം.

10. ചട്ടപ്രകാരം ലൈറ്റിംഗ് & വെന്റിലേഷൻ ലഭ്യമാകുന്നുണ്ടെന്നും ഫയർ എസ്കേപ്പ് സ്റ്റെയർ ചട്ടപ്രകാരമാണെന്നും സെക്രട്ടറി ഉറപ്പാക്കണം.

11. KMBR-1999 നും അനുബന്ധ ഭേദഗതികൾക്കും നിലവിലുള്ള ബാധകമായ മറ്റ് നിയമങ്ങൾക്കും നിർദ്ദിഷ്ട നിർമ്മാണം വിധേയമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.

12. മേൽ അംഗീകാരം കെട്ടിട നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി അല്ല. KPBR-2011 പ്രകാരം സെക്രട്ടറി ടി അപേക്ഷയിൽ അവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും അംഗീകാരമോ, നിരാക്ഷേപ പത്രമോ ആവശ്യമുള്ള പക്ഷം ആയവ ലഭിച്ചതിനു ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതിയ്ക്ക് പരിഗണിക്കാവൂ.

ഈ ഉത്തരവ് കെട്ടിടനിർമ്മാണാനുമതിയ്ക്ക് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി യല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമെ നിർമ്മാണം ആരംഭിക്കാൻ പാടുള്ളു.

അംഗീകരിച്ച സൈറ്റ് പ്ലാൻ 21/19/KTM ഉള്ളടക്കം ചെയ്യുന്നു.

ജില്ലാ നഗരഗ്രാമാസൂത്രണ കാര്യാലയം, പിൻ - 686 001, ഫോൺ: 2564160, കോട്ടയം

സുജ മത്തായി
ടൗൺ പ്ലാനർ

സെക്രട്ടറി
ഏറ്റുമാനൂർ നഗരസഭ

പകർപ്പ് :1. ഡയറക്ടർ
കാരിത്താസ് ഹോസ്പിറ്റൽ
തെള്ളകം. പി.ഒ
കോട്ടയം-686630 (പ്ലാൻ 1 സെറ്റ് സഹിതം)

2. അധികം -1

MD/04.04.19